**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3303** **01-03-2023 - ൽ മറുപടിയ്ക്ക്**

**ഐ.ടി.ഐ. കളിൽ വെൽഡർ അഡ്വാൻസ്ഡ് കോഴ്സുകൾ പഠിച്ച ഉദ്യോഗാർത്ഥികൾക്കുള്ള അപ്രന്റീസ്ഷിപ്പ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിവിധ ഐ.ടി.ഐ. കളിൽ വെൽഡർ (ജി & ജി), വെൽഡർ (പൈപ്പ്), വെൽഡർ (ഇൻസ്പെക്ഷൻ) എന്നീ കോഴ്സുകൾ പഠിച്ച ഉദ്യോഗാർത്ഥികൾക്ക് അപ്രന്റീസ്ഷിപ്പ് ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) | വെൽഡർ (വെൽഡിങ് ആന്റ് ഇൻസ്പെക്ഷൻ) എന്ന കോഴ്സ് പഠിച്ച ഉദ്യോഗാർത്ഥികൾക്ക് അപ്രന്റീസ്ഷിപ്പ് ചെയ്യാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത കോഴ്സുകൾ പാസ്സായ ഉദ്യോഗാർത്ഥികൾക്ക് വെൽഡർ ട്രേഡുമായി തുല്യത നൽകുന്നതിനും അപ്രന്റീസ്ഷിപ്പ് പോർട്ടലിൽ വെൽഡർ (ജി & ജി), വെൽഡർ (പൈപ്പ്), വെൽഡർ (ഇൻസ്പെക്ഷൻ) എന്നീ ട്രേഡുകൾ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ; | (ബി) | ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് വ്യത്യസ്ത സിലബസ്സുകളിൽ നടത്തുന്ന ഐ.ടി.ഐ ട്രേഡുകൾ തുല്യതപ്പെടുത്തുന്നതിനുള്ള അധികാരം ഡി.ജി.റ്റിയിൽ ആണ് നിക്ഷിപ്തമായിരിക്കുന്നത്. വെൽഡർ (വെൽഡിങ് ആന്റ് ഇൻസ്പെക്ഷൻ) എന്ന ട്രേഡ് അപ്രന്റീസ്ഷിപ്പ് പോർട്ടലിൽ ഉൾപ്പെടുത്തു ന്നതിന് ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ്- മായി ബന്ധപ്പെട്ട് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | പ്രസ്തുത കോഴ്സുകൾ പാസ്സായ ഉദ്യോഗാർത്ഥികൾക്ക് പി.എസ്.സി., യു.പി.എസ്.സി., കേന്ദ്ര സംസ്ഥാന പൊതുമേഖലസ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം വെൽഡർ യോഗ്യതയായിട്ടുള്ള തസ്തികകളിലേക്ക് അപേക്ഷ സമർപ്പിക്കാൻ സാധിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | സർക്കാർ പൊതുമേഖലസ്ഥാപനങ്ങളിലെ വെൽഡർ (ജനറൽ) ട്രേഡ് നിയമന യോഗ്യതയായി പരിഗണിക്കുന്ന തസ്തികകളിലേയ്ക്ക് വെൽഡർ അഡ്വാൻസ്ഡ് ട്രേഡുകളായ വെൽഡർ (വെൽഡിംഗ് ആന്റ് ഇൻസ്പെക്ഷൻ) വെൽഡർ (പൈപ്പ്) വെൽഡർ (ജി ആന്റ് ജി) തുടങ്ങിയ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെക്കൂടി പരിഗണിക്കുന്നതിന് അനുമതി നല്കി 16-06-2022 ലെ സ.ഉ.(സാധാ) നം. 678/2022/LBR നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിഷയത്തെക്കുറിച്ച് പഠിക്കുന്നതിനും അപാകതകൾ പരിഹരിക്കുന്നതിനുമായി കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് കമ്മിറ്റി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ; വിശദവിവരം നൽകുമോ? | (ഡി) | സർക്കാർ പൊതുമേഖലസ്ഥാപനങ്ങളിലെ വെൽഡർ (ജനറൽ) ട്രേഡ് നിയമന യോഗ്യതയായി പരിഗണിക്കുന്ന തസ്തിക കളിലേയ്ക്ക് വെൽഡർ അഡ്വാൻസ്ഡ് ട്രേഡുകളായ വെൽഡർ (വെൽഡിംഗ് ആന്റ് ഇൻസ്പെക്ഷൻ) വെൽഡർ (പൈപ്പ്) വെൽഡർ (ജി ആന്റ് ജി) തുടങ്ങിയ |

| | | | |
|---|---|---|---|
| | | | യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെക്കൂടി പരിഗണിക്കുന്നതിന് അനുമതി നല്കി 16-06-2022 ലെ സ.ഉ.(സാധാ) നം. 678/2022/LBR നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ